LIBRARY ARCHIVES Kerala Legislative Assembly

പച്ചക്കറികളിലെ കീടനാശിനിപ്രയോഗം തടയാനുള്ള നടപടി

100 (3532) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളിൽ കീടനാശിനിയുടെ അംശം ഇല്ലെന്നുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുള്ളത് ;

(ബി) അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്നതും കേരളത്തിൽ ഉൽപ്പാദി പ്പിക്കുന്നതുമായ പച്ചക്കറികളിൽ കീടനാശിനിയുടെ അംശം ഇല്ലെന്നുറപ്പു വരുത്തുവാൻ കേരള കാർഷിക സർവ്വകലാശാലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി സമിതി രൂപീകരി ക്കുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നതുൾപ്പെടെ എല്ലാത്തരം പച്ചക്കറികളുടെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുവാനും അനുവദനീയമായ അളവിലും കൂടുതൽ കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തുന്നപക്ഷം 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) വെള്ളായണി കാർഷിക കോളേജിലെ പ്രൊഫസർ ഡോ. തോമസ് ബിജു മാത്യു ഉൾപ്പെടുന്ന ഉന്നതതല സമിതി ഇതിനകം രൂപീകരിച്ചിട്ടുണ്ട്.

ദേശീയ ആരോഗ്യ നയം

101 (3533) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയാരോഗ്യനയത്തിന്റെ കരടുരേഖ പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കുമോ ;

(ബി) കരടുരേഖയിലെ സമീപനത്തോടുള്ള സർക്കാരിന്റെ നിലപാട് വിശദമാക്കാമോ ; ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെയും ചെന്നൈയിൽ വച്ചുനടന്ന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കായുള്ള ദേശീയ ആരോഗ്യനയത്തെ പ്പറ്റിയുള്ള മീറ്റിംഗിൽ സമർപ്പിച്ച റിപ്പോർട്ടിലെയും പ്രധാന നിർദ്ദേശങ്ങൾ അറിയിക്കാമോ ; പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ആരോഗ്യസേവനങ്ങൾ പൂർണ്ണമായും ഇൻഷ്വറൻസ് ആധാരിതമാക്കി ആരോഗ്യസേവന മേഖല വാണിജ്യവൽക്കരിക്കുന്നത് സാധാരണക്കാരെ ഏത് വിധത്തിൽ ബാധിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്നറിയിക്കുമോ ?

ഉത്തരം

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) ദേശീയ ആരോഗ്യനയത്തിലെ വിവിധ നിർദ്ദേശങ്ങൾ സംബന്ധിച്ച് പ്രശ്നാധിഷ്ഠിത സമീപനമാണ് സംസ്ഥാനം സ്വീകരിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനം കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ചെന്നൈയിൽ വച്ചുനടന്ന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കായുള്ള ദേശീയ ആരോഗ്യനയത്തെപ്പറ്റിയുള്ള മീറ്റിംഗിലും സംസ്ഥാനം റിപ്പോർട്ട് ഒന്നും സമർപ്പിച്ചിട്ടില്ല. എന്നാൽ ദേശീയ ആരോഗ്യനയം സംബന്ധിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായം രൂപീകരിക്കുന്നതിനായി 30-1-2015-ന് കേരളത്തിൽവച്ച് നടത്തിയ കൺസൾട്ടേറ്റീവ് വർക്ക് ഷോപ്പിന്റെ റിപ്പോർട്ട് അവിടെ അവതരിപ്പിച്ചു

(സി) ഇതുസംബന്ധിച്ച് കൂടുതൽ വിശദമായ പഠനം നടത്തേണ്ടതുണ്ട്.

എൻഡോസൾഫാൻ ബാധിതർക്ക് ധനസഹായം

102 (3534) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എൻഡോസൾഫാൻമൂലം അസുഖം ബാധിച്ചവർ എത്ര ഉണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ജില്ലതിരിച്ച് വിവരിക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഈ രോഗം ബാധിച്ച പാവപ്പെട്ട രോഗികൾക്ക് എന്തെങ്കിലും ധനസഹായം കൊടുത്തിട്ടുണ്ടോ ; എങ്കിൽ കൊടുത്ത തുകകൾ 2011 മുതൽ ഇതുവരെ എത്രയെന്ന് വിശദമാക്കാമോ ;

(സി) ഇല്ലെങ്കിൽ ഈ രോഗികൾക്ക് അർഹതപ്പെട്ട ധനസഹായം കൊടുക്കുവാൻ തയ്യാറാകുമോ ;

(ഡി) ഈ രോഗികൾക്ക് സഹായത്തിനായി കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly